## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി ഷീജ എം.എസ്-ന്റെ അന്യത്രസേവനകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.2232/2016/തസ്വഭവ തീയതി, തിരുവനന്തപുരം, 25.07.2016

---

പരാമർശം :
1) 10.03.13 ലെ 42/2013/ധന നമ്പർ സർക്കുലർ
2) സ.ഉ(സാധാ)നം 1353/2013/തസ്വഭവ തീയതി 23.05.2013
3) സ.ഉ(സാധാ)നം 1727/14/തസ്വഭവ തീയതി 7.7.2014
4) സ.ഉ(സാധാ)നം 2295/2015/തസ്വഭവ തീയതി 27.07.2015
5) ശ്രീമതി ഷീജ എം.എസ്-ന്റെ 12.01.2016 ലെ അപേക്ഷ
6) ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 15.01.2016 ലെ ഇ 5-പിഇആർ/1781/13 നമ്പർ കത്ത്

### ഉത്തരവ്

ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി ഷീജ എം.എസ്-ന്റെ അന്യത്രസേവനകാലം ദീർഘിപ്പിച്ച് നല്കണമെന്നാവശ്യപ്പെട്ട് പരാമർശം 6 പ്രകാരം ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി പ്രൊപ്പോസൽ സമർപ്പിച്ചു. പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് ശ്രീമതി ഷീജ എം.എസ്-ന് പരാമർശം 2 ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ഒരു വർഷത്തേക്ക് അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം നല്കുകയും പരാമർശം (3) & (4) ഉത്തരവുകൾ പ്രകാരം ടി നിയമനം ദീർഘിപ്പിച്ച് നല്കുകയും ചെയ്തിരുന്നു. ശ്രീമതി ഷീജ എം.എസ്-ന്റെ അന്യത്രസേവനകാലവ്യവസ്ഥയിലുള്ള നിയമന കാലാവധി 31.05.2016 ൽ അവസാനിയ്ക്കുന്നതിനാൽ ടിയാൾക്ക് ഒരു വർഷം കൂടി അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം ദീർഘിപ്പിച്ച് നല്കണമെന്നാണ് ടിയാൾ അപേക്ഷിച്ചിട്ടുള്ളത്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം 1 സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലും ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി ഷീജ എം.എസ്-ന് 01.06.2016 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം ദീർഘിപ്പിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**

ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ആലപ്പുഴ ജില്ലാ പഞ്ചായത്ത്, ആലപ്പുഴ
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ
ശ്രീമതി ഷീജ എം.എസ്,കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഓഫീസ്
പൊതുഭരണ (സർവീസസ്-ഇ) വകുപ്പ്
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 1/14/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ